**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2413** — **04-03-2025 - ൽ മറുപടിയ്ക്ക്**

**ശൂന്യ വേതന/ഡയസ് നോൺ കാലത്തെ വേതനം കണക്കാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർ വേതനമില്ലാത്ത അവധി എടുക്കുന്ന പക്ഷം അവ എടുത്ത മാസത്തേതിന് ആനുപാതികമായി സ്പാർക്ക് ബിൽ സിസ്റ്റത്തിൽ കുറവു ചെയ്യുന്നതിന് സംവിധാനമുണ്ടോ, വ്യക്തമാക്കുമോ; | (എ) | സംസ്ഥാന സർക്കാർ ജീവനക്കാർ വേതനമില്ലാത്ത അവധി എടുക്കുന്ന പക്ഷം അവ എടുത്ത മാസത്തേതിന് ആനുപാതികമായി സ്പാർക്ക് സോഫ്റ്റ് വെയറിൽ കുറവു ചെയ്യുന്നതിന് സംവിധാനമുണ്ട്.<br><br>പ്രസ്തുത മാസത്തെ ശമ്പളം പ്രോസസ് ചെയ്യുന്നതിന് മുൻപ്, വേതനമില്ലാത്ത അവധി സ്പാർക്ക് സിസ്റ്റത്തിൽ അതത് മേധാവി അംഗീകരിക്കുന്ന പക്ഷം, ടി മാസത്തെ ശമ്പളത്തിൽ നിന്ന് നേരിട്ട് കുറവ് വരുന്നതാണ്.<br><br>എന്നാൽ പ്രസ്തുത മാസത്തെ സാലറി പ്രോസസ് ചെയ്തതിന് ശേഷമാണ് വേതനമില്ലാത്ത അവധി അംഗീകരിക്കപ്പെടുന്നതെങ്കിൽ, ഡിഡിഓ അടുത്ത മാസം ശമ്പളം പ്രോസസ് ചെയ്യുമ്പോൾ " Employee [PEN], has marked a leave after processing the salary of previous month. Please process excess pay recovery. Merge it and then process the salary". എന്ന സന്ദേശം കാണിക്കും. എക്സസ് പേ റിക്കവറി മൊഡ്യൂൾ വഴി പ്രസ്തുത ജീവനക്കാരൻ വേതനമില്ലാത്ത അവധി എടുത്ത മാസം സംബന്ധിച്ച വിവരങ്ങൾ നൽകി അത് പ്രോസസ് ചെയ്യുകയും (അവധി എടുത്ത മാസത്തേതിന് ആനുപാതികമായി തുക സിസ്റ്റം സ്വയമേവ |

| | | | |
|---|---|---|---|
| | | | കണക്കാക്കും), അത് ശമ്പളവുമായി മെർജ് ചെയ്തതിന് ശേഷമേ ആ മാസത്തെ ശമ്പളം പ്രോസസ് ചെയ്യുവാൻ കഴിയുകയുള്ളൂ. |
| (ബി) | ഇപ്രകാരം വേതനം കുറവുചെയ്യുന്നത് ലീവ് എടുത്ത മാസത്തിലെ ശമ്പളത്തിൽ നിന്നുമാണോ; ആ മാസത്തിലെ ശമ്പളത്തിൽ നിന്നും കുറവു ചെയ്യാനായില്ലെങ്കിൽ തൊട്ടടുത്ത മാസത്തിൽനിന്നും കുറവു ചെയ്യാറുണ്ടോ; അപ്രകാരം ചെയ്യുന്ന പക്ഷം മാസങ്ങളിലെ ദിവസങ്ങളുടെ എണ്ണം വ്യത്യാസപ്പെടുന്നത് വഴിയുണ്ടാകുന്ന വേതനക്കുറവ് എപ്രകാരമാണ് കണക്കാക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാന സർക്കാർ ജീവനക്കാർ വേതനമില്ലാത്ത അവധി എടുക്കുന്ന പക്ഷം അവ എടുത്ത മാസത്തേതിന് ആനുപാതികമായി സ്പാർക്ക് സോഫ്റ്റ് വെയറിൽ കുറവു ചെയ്യുന്നതിന് സംവിധാനമുണ്ട്.<br><br>പ്രസ്തുത മാസത്തെ ശമ്പളം പ്രോസസ് ചെയ്യുന്നതിന് മുൻപ്, വേതനമില്ലാത്ത അവധി സ്പാർക്ക് സിസ്റ്റത്തിൽ അതത് മേധാവി അംഗീകരിക്കുന്ന പക്ഷം, ടി മാസത്തെ ശമ്പളത്തിൽ നിന്ന് നേരിട്ട് കുറവ് വരുന്നതാണ്.<br><br>എന്നാൽ പ്രസ്തുത മാസത്തെ സാലറി പ്രോസസ് ചെയ്തതിന് ശേഷമാണ് വേതനമില്ലാത്ത അവധി അംഗീകരിക്കപ്പെടുന്നതെങ്കിൽ, ഡിഡിഒ അടുത്ത മാസം ശമ്പളം പ്രോസസ് ചെയ്യുമ്പോൾ “ Employee [PEN], has marked a leave after processing the salary of previous month. Please process excess pay recovery. Merge it and then process the salary”. എന്ന സന്ദേശം കാണിക്കും. എക്സസ് പേ റിക്കവറി മൊഡ്യൂൾ വഴി പ്രസ്തുത ജീവനക്കാരൻ വേതനമില്ലാത്ത അവധി എടുത്ത മാസം സംബന്ധിച്ച വിവരങ്ങൾ നൽകി അത് പ്രോസസ് ചെയ്യുകയും (അവധി എടുത്ത മാസത്തേതിന് ആനുപാതികമായി തുക സിസ്റ്റം സ്വയമേവ കണക്കാക്കും), അത് ശമ്പളവുമായി മെർജ് ചെയ്തതിന് ശേഷമേ ആ മാസത്തെ ശമ്പളം പ്രോസസ് ചെയ്യുവാൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | ഡയസ് നോൺ ബാധകമാക്കുമ്പോഴും ഇതേ രീതിയാണോ തുടരുന്നത്; ജനുവരി മാസത്തെ ഡയസ് നോൺ പ്രകാരമുള്ള തുക ഫെബ്രുവരി മാസം ഈടാക്കുന്നതിനുള്ള തീരുമാനം എടുത്തതിന് ആധാരമായ കാര്യങ്ങൾ വിശദമാക്കുമോ? | (സി) | ഡയസ് നോൺ ബാധകമാക്കുമ്പോഴും ഇതേ രീതിയാണ് പിൻതുടരുന്നത്. ഡിഡിഒയ്ക്ക് ബാച്ച് ഡയസ് നോൺ മൊഡ്യൂൾ വഴി ഡയസ് നോൺ ദിവസ വിവരങ്ങൾ ഉൾപ്പെടുത്താവുന്നതും അതിന്റെ അടിസ്ഥാനത്തിൽ ശമ്പളം പ്രോസസ് ചെയ്യുന്നതുമാണ്.<br><br>2025 ജനുവരി 22-നായിരുന്നു സംസ്ഥാനത്തെ ഒരു വിഭാഗം സർക്കാർ ജീവനക്കാരും അധ്യാപകരും സൂചന പണിമുടക്കിന് നോട്ടീസ് നൽകിയത്. ഇക്കാര്യത്തിലാണ് 20.01.2025 ലെ സ.ഉ.(പി)2/2025/പൊഭവ നമ്പർ ഉത്തരവ് പ്രകാരം പണിമുടക്കുന്ന ജീവനക്കാർക്ക് ഡയസ് നോൺ പ്രഖ്യാപിച്ചത്. പണിമുടക്കിൽ പങ്കെടുത്ത ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് ആ മാസത്തെ ശമ്പള ബില്ലിൽ തന്നെ തുക പിടിക്കുന്നതിനുള്ള വിവിധ സർക്കാർ ഓഫീസുകളിലെ അതാത് ഡി.ഡി.ഒ.മാരുടെ പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനാണ് മുൻകാലങ്ങളിൽ ചെയ്ത പോലെ തൊട്ടടുത്ത മാസത്തിലെ ശമ്പളത്തിൽ നിന്നും തുക കുറവ് ചെയ്യാൻ തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ